**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2761** **17-03-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലോചിതമായി നവീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സംസ്ഥാനത്തെ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലോചിതമായി നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന്റെ ഭാഗമായി താഴെ പറയുന്ന നവീകരണ പദ്ധതികളാണ് പരിഗണനയിലുള്ളത്. 1) എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം 2) ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം നടപ്പിലാക്കുകയുണ്ടായി. 3) രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കിക്കൊണ്ട് 'smart contract' എന്ന ആശയം നടപ്പിലാക്കിക്കൊണ്ട് എല്ലാ തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം 4) ആധാരപ്പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെ തന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം 5) വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും 6) പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനിലാക്കും 7) ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായി ഡിജിറ്റൽ രൂപം 8) ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസം തന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ |

| | | | |
|---|---|---|---|
| | | | നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തിരം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. 9) രജിസ്ട്രാറുടെ മുമ്പാകെ ഹാരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത പരിശോധിക്കും 10) രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം 11) എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കും 12) രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റ് കൂടുതൽ മികവുറ്റതാക്കും 13) റവന്യൂ - സർവ്വെ വകുപ്പുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏത് ആധാരവും, രജിസ്ട്രേഷൻ നിയമ ഭേദഗതിയ്ക്കനുസൃതമായി സംസ്ഥാനത്തെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം |
| (ബി) | സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിന് സ.ഉ(സാധാ)നം.373/2020/നി.വ, തീയതി 30.05.2020 നമ്പർ ഉത്തരവ് പ്രകാരം സബ് രജിസ്ട്രാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 2020-21 സാമ്പത്തിക വർഷത്തിൽ 2030-03-001-95-00-67-00-N-V (Basic Amenities to Public) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 4.5 കോടി രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിച്ചു. ഇതിൽ നിന്നും സംസ്ഥാനത്തെ 315 സബ് രജിസ്ട്രാർ ഓഫീസുകളിലും പത്ത് കസേരകൾ വീതം വിതരണം ചെയ്യുന്നതിന് സിഡ്‌ക്കോയുമായി 12/11/2020-തീയതിയിലെ കരാർ പ്രകാരം Rs.1,48,64,850/- (ഒരു കോടി നാല്പത്തിയെട്ടു ലക്ഷത്തി അറുപത്തി നാലായിരത്തി എണ്ണൂറ്റി അൻപത് രൂപ) യുടെ വർക്ക് ഓർഡർ നൽകുകയും ആയതിൻപ്രകാരം സിഡ്കോ 315 ഓഫീസുകളിലും കസേര വിതരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സബ് രജിസ്ട്രാർ ഓഫീസുകളിൽ വാട്ടർടാങ്ക്, വാട്ടർപമ്പ്, കിണർ, കുഴൽകിണർ, ശുചിമുറി മുതലായവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി Rs.89,21,900/- (എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരം) രൂപയും പ്രസ്തുത ശീർഷകത്തിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ റെക്കോർഡുകൾ സൂക്ഷിക്കുന്നതിന് 37 ഓഫീസുകളിൽ ആധുനിക രീതിയിലുള്ള കോമ്പാക്ടറുകൾ സ്ഥാപിച്ചു. |

| | | | |
|---|---|---|---|
| (സി) | രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | 1) എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം 2) ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം നടപ്പിലാക്കുകയുണ്ടായി. 3) രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കിക്കൊണ്ട് 'smart contract' എന്ന ആശയം നടപ്പിലാക്കിക്കൊണ്ട് എല്ലാ തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം 4) മുൻ ആധാരവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കും. 5) ആധാരപ്പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെ തന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം 6) വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും 7) പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനിലാക്കും 8) ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായി ഡിജിറ്റൽ രൂപം 9) ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസം തന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തിരം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. 10) രജിസ്ട്രാറുടെ മുമ്പാകെ ഹാരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത പരിശോധിക്കും 11) രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം 12) രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റ് കൂടുതൽ മികവുറ്റതാക്കും 13) റവന്യൂ - സർവ്വെ വകുപ്പുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏത് ആധാരവും സംസ്ഥാനത്തെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം 14) രജിസ്ട്രേഷൻ റവന്യൂ സർവ്വെ വകുപ്പുകളിൽ നിന്നുള്ള വിവിധ സേവനങ്ങൾക്ക് ഏകജാലക സംവിധാനം |
| (ഡി) | സബ് രജിസ്ട്രാർ ഓഫീസുകളിലെ അടിസ്ഥാന | (ഡി) | സബ് രജിസ്ട്രാർ ഓഫീസുകളിലെ അടിസ്ഥാന |

| | | | |
|---|---|---|---|
| | സൗകര്യ വികസനത്തിനായി കിഫ്ബി വഴി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | | സൗകര്യ വികസനത്തിനായി കിഫ്ബി വഴി 51 കെട്ടിടങ്ങളുടെ നിർമ്മാണ പദ്ധതിയ്ക്കും 1 കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി സ.ഉ(സാധാ)നം.995/2017/നിവ, തീയതി 05/12/2017 പ്രകാരം 100 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിൽ 28 കെട്ടിടങ്ങളുടെ പ്രവർത്തനോദ്ഘാടനവും ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയും നടക്കുകയുണ്ടായി. ബാക്കി ഓഫീസുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ